**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2156

18.03.2015-ലെ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, ജോസഫ് വാഴയ്ക്കൻ<br>,, പി.എ.മാധവൻ<br>,, പാലോട് രവി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(എ) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്.

(ബി) സഹകരണ വിജിലൻസ് വിഭാഗം നിലവിൽ വന്നശേഷം എത്ര കേസുകൾ അന്വേഷിച്ചിട്ടുണ്ട് ; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആകെ 345 കേസുകൾ. ഇതിൽ 316 കേസുകൾ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്.

| വർഷം | എണ്ണം |
|---|---|
| 2008 | 72 |
| 2009 | 78 |
| 2010 | 98 |
| 2011 | 34 |
| 2012 | 20 |
| 2013 | 25 |
| 2014 | 17 |
| 2015 | 1 |
| ആകെ | 345 |

(സി) ഇതിൽ എത്ര കേസുകൾ ഇനിയും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാനുണ്ട്; വിശദമാക്കാമോ;

(സി) 29 കേസുകൾ അന്വേഷണം പൂർത്തീകരിക്കാനുണ്ട്.

| | |
|---|---|
| (ഡി) വിജിലൻസ് വിഭാഗത്തിന്റെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും വാഹനങ്ങളുടെ ഇന്ധന ചെലവ് ഉൾപ്പെടെ നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഒരു കേസന്വേഷണത്തിന് ശരാശരി എന്ത് തുക ചെലവ് വന്നിട്ടുണ്ട്; | (ഡി) ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി 28.02.2015 വരെ 8,15,56,179/- രൂപ സഹകരണ വിജിലൻസ് വിഭാഗത്തിന് ചെലവഴിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒരു കേസിന് ശരാശരി 2,58,089/- രൂപ ചെലവ് വന്നിട്ടുണ്ട്. |
| (ഇ) നിലവിലെ സഹകരണ വിജിലൻസിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ സഹകരണ വിജിലൻസ് സംവിധാനം പുനസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും പൊതു സമൂഹത്തിൽ നിന്നും നിരവധി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ അടിയന്തിര പ്രാധാന്യമുള്ള പരാതികളിൽപോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുകയുമാണ്. |

സെക്ഷൻ ഓഫീസർ